16 (*106) മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ :
ശ്രീ. എം. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി മത്സ്യോൽപ്പാദനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കേന്ദ്രസർക്കാർ ആഴക്കടൽ മത്സ്യബന്ധനകപ്പലുകൾക്ക് ലൈസൻസ് നൽകിയതിനെത്തുടർന്ന് മത്സ്യോൽപ്പാദനത്തിൽ കുറവുവന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കടൽ മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ജപ്പാൻ സഹായത്തോടെ കടലിൽ കൃത്രിമ പാരുകൾ നിർമ്മിക്കുന്നതിനും ആസ്ട്രേലിയൻ സഹായത്തോടെ ചെമ്മീൻ വിത്ത് ഉത്പാദിപ്പിച്ച് കടലിൽ നിക്ഷേപിക്കുന്ന പദ്ധതിക്കും അംഗീകാരം ലഭിച്ചിട്ടുണ്ടോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ)
1. ജനകീയ മത്സ്യക്കൃഷി
2. ജലസംഭരണികളിലെ മത്സ്യക്കൃഷി
3. മത്സ്യകർഷക വികസന ഏജൻസികൾ, ഓരുജല മത്സ്യകർഷക വികസന ഏജൻസികൾ എന്നിവയുടെ പ്രവർത്തനം
4. നാടൻ മത്സ്യം വളർത്തൽ
5. സാമൂഹ്യ മത്സ്യക്കൃഷി
6. കടലിൽ മത്സ്യക്കുഞ്ഞുങ്ങളെ വിതയ്ക്കുന്ന പദ്ധതി
7. മൺസൂൺകാല ട്രോളിംഗ് നിരോധനം
8. കൃത്രിമ പാരുകളുടെ നിർമ്മാണം
9. കുട്ടനാടൻ ജലാശയങ്ങളുടെ മത്സ്യക്കൃഷി
10. പൊക്കാളി പാടശേഖരങ്ങളുടെ സമഗ്രവികസന പദ്ധതി

(ബി) ഉണ്ട്. ജനകീയ മത്സ്യക്കൃഷി പദ്ധതി പ്രകാരം 1997-98-ൽ 6543 ടൺ മത്സ്യവും 100 ടൺ ചെമ്മീനും ഉൽപ്പാദിപ്പിച്ചു. 1998-99-ൽ ഇത് യഥാക്രമം 13750 ടണ്ണും 1125 ടണ്ണും ആയിരുന്നു. 1999-2000 ത്തിലും അധിക ഉൽപ്പാദനം പ്രതീക്ഷിക്കുന്നു.

ജലസംഭരണികളിലെ മത്സ്യക്കൃഷി പദ്ധതിപ്രകാരം മത്സ്യഉൽപ്പാദനം വർദ്ധിച്ചുവരുന്നതായി കാണുന്നു.

206/2010.

LIBRARY ARCHIVES Kerala Legislative Assembly

ശുദ്ധജല/ഓരുജല മത്സ്യകർഷക വികസന ഏജൻസികൾ മുഖേന യുള്ള മത്സ്യക്കൃഷിവഴിയും മത്സ്യസമ്പത്ത് വർദ്ധിച്ചുവരുന്നതായി കാണുന്നു.

(സി) ഉണ്ട്. സംസ്ഥാന സർക്കാർ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിത്തുടങ്ങിയ 1988 മുതൽ 1991 വരെ മത്സ്യ ഉൽപ്പാദനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവിന് ആനുപാതികമായിട്ടുള്ള വർദ്ധനവ്, കേന്ദ്ര സർക്കാർ ആഴക്കടൽ മത്സ്യബന്ധനത്തിന് അനുമതി നൽകിയ 1991-ന് ശേഷം ഉള്ളതായി കാണുന്നില്ല.

(ഡി) ജപ്പാൻ സഹായത്തോടെ കടലിൽ കൃത്രിമ പാറുകൾ നിർമ്മിക്കുന്ന പദ്ധതികളും ആസ്ട്രേലിയൻ സഹായത്തോടെ ചെമ്മീൻവിത്ത് ഉൽപ്പാദിപ്പിച്ച് കടലിൽ നിക്ഷേപിക്കുന്ന പദ്ധതിക്കും അംഗീകാരം ലഭിച്ചിട്ടില്ല.

17 (*107) വർഷകാല ട്രോളിംഗ് നിരോധനം നടപ്പിലാക്കൽ

<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ള വർഷകാല ട്രോളിംഗ് നിരോധനം ഫലപ്രദമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ട്രോളിംഗ് നിരോധനകാലത്ത് തീരപ്രദേശങ്ങളിൽ ഉണ്ടാകുന്ന സംഘട്ടനങ്ങൾ ഒഴിവാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ. ടി.കെ. രാമകൃഷ്ണൻ)</u> :

(എ) ട്രോളിംഗ് നിരോധനം കർശനമായി പാലിക്കുന്നതിന് അതാത് ജില്ലകളിലെ കളക്ടർമാരെ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും വന്ന് കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ യന്ത്രവൽകൃത ബോട്ടുകളും 14.6.99 അർദ്ധരാത്രിക്കുമുമ്പ് കേരളതീരം വിട്ടുപോകാൻ നിർദ്ദേശം നൽകി. തീരത്തോടുചേർന്നുകിടക്കുന്ന ഡീസൽബങ്കുകൾ അടച്ചിടാനും നിർദ്ദേശം നൽകിയിട്ടുണ്ട്. നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി അത്യാധുനിക സജ്ജീകരണങ്ങൾ ഉള്ള ഫിഷറീസ് വകുപ്പിന്റെ 4 പട്രോൾ ബോട്ടുകളും ഒരിടത്തരം 43½ അടി ബോട്ടും കെ.എൽ.എ. 530 എന്ന ബോട്ടും വാടകയ്ക്കെടുത്ത 6 സ്വകാര്യ ബോട്ടുകളും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. നിയമം ലംഘിക്കുന്ന ബോട്ടുകളെ പിടിച്ചെടുക്കുന്നതിനും കടലിൽ പട്രോളിംഗ് നടത്തുന്നതിനും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻമാരെ ബന്ധപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനപോലീസ് സേനയുടെ സഹായവും ഏർപ്പാട് ചെയ്തിട്ടുണ്ട്. എല്ലാ കടലോരജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനസർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ട്രോളിംഗ് നിരോധനസമയത്ത് ആഴക്കടൽ മത്സ്യബന്ധനം നിരോധിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പോലീസ്, റവന്യൂ അധികാരികൾക്ക് നൽകിയിട്ടുണ്ട്. എല്ലാ ബ്ലോസ് സ്റ്റേഷനു

LIBRARY ARCHIVES Kerala Legislative Assembly